# ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങൾക്ക് ഭംഗം വരുത്തരുത്

ശബരിമലതീർത്ഥാടനത്തോടനുബന്ധിച്ച് ശബരിമലയിലും പമ്പയിലും എരുമേലിയിലും കർശനനിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതായി അറിയുന്നു. അതിന്റെ ഭാഗമായി തീർത്ഥാടനം നടത്തുന്നവർ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുവാൻ നിർബന്ധിതരായിരിക്കുകയാണ്.

അനുഷ്ഠാനമൂല്യം ചോർന്നു പോകാതെ തീർത്ഥാടനം നടത്തുവാൻ ഭക്തജനങ്ങളെ സഹായിക്കുംവിധമായിരിക്കണം നിയന്ത്രണം. നിയന്ത്രണത്തിന്റെ ഭാഗമായി, മല കയറുമ്പോൾ മാസ്ക് ധരിക്കേണ്ടിവന്നാൽ അത് ഒട്ടേറെ ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും.

സന്നിധാനത്ത് എത്തുന്ന തീർത്ഥാടകർക്ക് കോവിഡ് മാനദണ്ഡങ്ങളിൽ നിഷ്ക്കർഷിച്ചിരിക്കുന്ന അകലം പാലിച്ചുകൊണ്ട് വിരിവെക്കുന്നതിനുള്ള അനുമതി ഉണ്ടായിരിക്കണം. ശബരിമല ഉൾപ്പെടുന്ന പത്തനംതിട്ട, എരുമേലി ഉൾപ്പെടുന്ന കോട്ടയം എന്നീ ജില്ലകളിലെങ്കിലും അഞ്ചുപേരിൽ കൂടുതൽ കൂട്ടംകൂടരുത് എന്ന നിരോധനാജ്ഞ തീർത്ഥാടകർക്ക് ബാധമാക്കാൻ പാടില്ല.

മാല ഇടുന്ന ദിവസം മുതൽ ഭക്തൻ, ആ ദേവന്റെ പേരിൽ അറിയപ്പെടുന്ന മറ്റൊരു തീർത്ഥാടനം ലോകത്ത് ഇല്ല എന്നുതന്നെ പറയാം. മാല ഇടുന്ന സമയം മുതൽ അയ്യപ്പനെന്നോ മാളികപ്പുറമെന്നോ ആണ് നാം അഭിസംബോധന ചെയ്യുന്നത്. അയ്യപ്പനിൽ വിലയംകൊള്ളലാണ് ശബരിമല തീർത്ഥാടനത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യസാക്ഷാത്ക്കാരത്തിന് ആവശ്യമാകുന്ന ആചാരാനുഷ്ഠാനങ്ങളിൽ, കോവിഡ് മഹാമാരിയുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഭക്തജനങ്ങളെ സഹായിക്കുന്ന തരത്തിലാകണം നിയന്ത്രണം ഏർപ്പെടുത്തേണ്ടത്.

പമ്പാസ്നാനവും ബലിതർപ്പണവും ശബരിമലയിൽ ദർശനം നടത്തിയശേഷമുള്ള നെയ്യഭിഷേകവും നടത്തുന്നതിനുള്ള അവസരം ഓരോ ഭക്തനും ഉണ്ടാവണം. അതിനവസരം ഒരുക്കാതെയുള്ള ഏതു നിയന്ത്രണവും എന്തിന്റെ പേരിലായാലും ഏർപ്പെടുത്തുന്നത് വിശ്വാസപ്രമാണങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും ഉതകുന്നതല്ല.

ശബരിമല തീർത്ഥാടനം മറ്റ് തീർത്ഥാടനങ്ങളിൽ നിന്ന് വ്യത്യസ്തമായി ഒട്ടേറെ സവിശേഷതകളുള്ള ഒന്നാണ് എന്ന കാര്യം ബന്ധപ്പെട്ടവർ ഇനിയുമെങ്കിലും ഓർമ്മിക്കണം. വിശ്വാസികളുടെ ദർശനസ്വാതന്ത്ര്യത്തെ കേവലം ഒരു വരുമാന സ്രോതസ്സായി മാത്രം കരുതാൻ പാടില്ല.

